# മഷിത്തണ്ട്

DIGITAL MAGAZINE 2023-24



LITTLE KITES UNIT

## ജി എച്ച് എസ് എസ് പട്‌ല

റവന്യൂ ജില്ല : കാസറഗോഡ്

വിദ്യാഭ്യാസ ജില്ല : കാസറഗോഡ്

ഉപജില്ല : കാസറഗോഡ്

# മഷിത്തണ്ടിനെക്കുറിച്ച്......

മാറി മറിയുന്ന ഡിജിറ്റൽ ലോകത്ത് വിദ്യാർത്ഥികൾക്ക് അതിനൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്താനും ഭാവിജീവിതത്തിൽ അവരുടെ സർഗ്ഗാത്മകതയ്ക്ക് കരുത്തേകാനുമായിട്ടാണ് ഈ സംരംഭത്തിന് വിദ്യാഭ്യാസ വകുപ്പ് തുടക്കമിട്ടത്. നമ്മുടെലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഏറെ ഊർജ്ജസ്വലതയോടെ ആ ദൗത്യം ഏറ്റെടുക്കുകയും സാങ്കേതികത്തികവോടെ അത് പൂർത്തീകരിക്കാൻ ഓരോരുത്തരും നന്നായി പരിശ്രമിക്കുകയും ചെയ്തു.

"മഷിത്തണ്ട് " ഗൃഹാതുരമായ ഒരു ഓർമയുടെ തിരിച്ചു പിടിക്കലാണ്.അക്ഷരങ്ങൾ വാക്കുകളായി മാറുമ്പോൾ അതിൽ തെറ്റുകൾ സംഭവിച്ചേക്കാം. അത് മായ്ച്ചുകളയാൻ അനുഭവങ്ങളുടെ മഷിത്തണ്ടിനേ കഴിയൂ. ജീവിതത്തെ വൈവിധ്യമാർന്ന മഷിക്കൂട്ടുകളിൽ എഴുതാനും മായ്ക്കാനും എന്നെന്നും ഇത് വിദ്യാർത്ഥികൾക്ക് പ്രചോദനമായി മാറട്ടെ .....നമ്മുടെലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഏറെ ഊർജ്ജസ്വലതയോടെ ആ ദൗത്യം ഏറ്റെടുക്കുകയും സാങ്കേതികത്തികവോടെ അത് പൂർത്തീകരിക്കാൻ ഓരോരുത്തരും നന്നായി പരിശ്രമിക്കുകയും ചെയ്തു.

# MAGAZINE COMMITTEE

Chief Editor : Asha .P (Head Mistress)

<u>Staff Editors</u>

Kite Mistress 1 : Sahana Ravindra (HST Hindi)

Kite Mistress 2 : Reshmi K M (HST Natural Science)

SITC : Pradeep Kumar U (HST Physical Science)

: Ramachandran vetaradi (HST Malayalam)

<u>Student Editors</u>

Salman Faris .M

Muhammed Musthafa P A

Fathimath Wafa M A

Shahru Mirsha K M


Fazza Fathima N S

# ഉള്ളടക്കം

സന്ദേശം.......................................5
ചരിത്രം.........................................6
LITTLE SEED.................................7
എന്റെ വിദ്യാലയം..............................8
അമ്മ.............................................9
ആമ പഠിപ്പിച്ച പാഠം...........................10
ചിന്നുവും മിന്നുവും.............................11
നിലാവ്...........................................12
ബലിച്ചോറ്......................................13
മുറിവ്............................................14
നീയാകും സമസ്യ................................15
DRAWINGS....................................16
കടപ്പാട്...........................................22

# സന്ദേശം

കേരളത്തിലെ ഹൈസ്കൂൾ വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐടി കൂട്ടായ്മയായ "ലിറ്റിൽകൈറ്റ്സ് " വിവര സാങ്കേതികവിദ്യയിൽ നല്ല ഒരു അടിത്തറ കുട്ടികൾക്ക് നൽകാൻ സഹായിക്കുന്നു. നൂതന സാങ്കേതിക വിദ്യകളായ artificial intelligence , robotics, 3D animation എന്നിവ ഇന്ന് നമ്മുടെ നിത്യജീവിതത്തെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. ആരോഗ്യം,വ്യവസായം, വാർത്താവിനിമയം ബഹിരാകാശ ഗവേഷണം തുടങ്ങി വിവിധ മേഖലകളിൽ ഇവ ഫലപ്രദമായി ഉപയോഗിക്കുന്നു. ഇവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കിക്കൊണ്ട്, നമ്മുടെ രാജ്യത്തിന് അഭിമാനമായി മാറുന്ന സാങ്കേതിക വിദഗ്ധരാവാൻ നമ്മുടെ കുട്ടികൾക്ക് സാധിക്കട്ടെ എന്ന് സ്നേഹത്തോടെ ആശംസിക്കുന്നു. കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ, ഐ ടി യുടെ നൂതന സങ്കേതങ്ങൾ ഉപയോഗിച്ച കൊണ്ട് മികവുറ്റതാക്കാനുള്ള ശ്രമമാണ് ഡിജിറ്റൽ മാഗസിനിലൂടെ നടത്തുന്നത്. ജി എച്ച് എസ് എസ് പട്‌ലയിലെ കുട്ടികൾ തയ്യാറാക്കിയ " മഷിത്തണ്ട് " എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.



ആശ പി.
പ്രധാനാധ്യാപിക

# ഗവർമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, പട്‌ല

മധൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഏക സർക്കാർ ഹയർ സെക്കണ്ടറി വിദ്യാലയമാണ് പട്ട്‌ള ഹയർ സെക്കണ്ടറി സ്കൂൾ. മധൂരിൽ നിന്നും ഏകദേശം ഒരു കിലോമീറ്റർ അകലെയാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്.



## ചരിത്രം

1951 ൽ ഒരു കന്നഡ പ്രൈമറി സ്കൂൾ എന്ന നിലയിലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. 1962-ൽ യു.പി (മലയാളം) സ്കൂളായും 1984-ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു.2004-ൽ വിദ്യാലയത്തിലെ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു.2018 മാർച്ചിലെ എസ്.എസ്.എൽ.സി.പരീക്ഷയിൽ 100% വിജയതിന്റെ തിളക്കവുമായി പുതിയ അധ്യയന വർഷം ആരംഭിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ഈ വിജയയഗാഥ ആവർത്തിക്കുകയാണ്. സധൈര്യം

# ഭൗതികസൗകര്യങ്ങൾ

ഹൈസ്കൂളിന് 10 ക്ലാസ് മുറികളും (ഹൈടെക്ക് ) യു.പി യ്ക്ക് 12 ക്ലാസ് മുറികളും എൽ. പി. യ്ക്ക് 12 ക്ലാസ് മുറികളും ഹയർ സെക്കണ്ടറി യ്ക്ക് 4 ക്ലാസ്സ് മുറികളും ആണ് ഉള്ളത്.ഹൈസ്കൂൾ ക്ലാസ്സ് മുറികൾ വൈദ്യുതീകരച്ചിട്ടുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.



ഈ സ്കളിൽ ഒരു ഹൈ സ്കൂൾ കമ്പ്യൂട്ടർ ലാബും ഒരു പ്രൈമറികമ്പ്യൂട്ടർ ലാബും ഒരു സയൻസ് ലാബും ഒരു ലൈബ്രറിയും ആണ് പ്രവർത്തനത്തിൽ ഉള്ളത്. ഇവിടെ ഏകദേശം പത്തുണ്ടോളം കമ്പ്യൂട്ടറുകളുണ്ട്. ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.



# LITTLE SEED

I am a lovely seed,
To make me grow you have to feed.
Air water and sunlight
All I need to grow my height
As a tree from my shoots,
I give shelter, I give fruits.



Kadeejath Nafiya T A
V. D

# എന്റെ വിദ്യാലയം

സ്കൂൾ സ്കൂൾ
സ്കൂൾ നല്ല
സ്കൂൾ സ്കൂൾ സ്കൂൾ
ടീച്ചറും മാഷും നമുക്കുണ്ടല്ലോ
കളിക്കാമല്ലോ പഠിക്കാമല്ലോ
പാടി രസിക്കാമല്ലോ
ടീച്ചറും മാഷും
പഠിപ്പിക്കുമല്ലോ
ഒന്ന് രണ്ട് മൂന്ന് നാല് ഞാൻ
പഠിച്ച സ്കൂൾ
എന്റെ സ്കൂളിൽ
അക്ഷരത്തണൽ ഉണ്ടല്ലോ
ഞാൻ പഠിച്ച സ്കൂൾ നല്ല
സ്കൂൾ

- **ആതിര കെ.**

IV A

# അമ്മ

വാത്സല്യ നിധിയാണ്

അമ്മ

അമ്മ തൻ സ്നേഹം എൻ

മനം

നിറയ്ക്കും

അകതാരിലെ സ്നേഹ

വിളക്കാണെന്നമ്മ

ഇരുൾ മൂടിയ ഈ

ജീവിതത്തിൽ

വെളിച്ചമായ് എന്നെ

ഉണർത്തും

'അമ്മ തൻ സ്നേഹം

നേർ വഴിയെ

നയിക്കുമെന്നമ്മ



നഫീസത്ത് നസ് ല

V C

# ആമ

# പഠിപ്പിച്ച പാഠം

ഒരു കുളത്തിൽ സുന്ദരിയായ ഒരു സ്വർണ്ണമീനുണ്ടായിരുന്നു. അവളുടെ ഭംഗി മറ്റു മീനുകൾ അതിശയത്തോടെ കണ്ടുനിൽക്കാറുണ്ട്. എന്തൊരു ഭംഗിയാണു സ്വർണ്ണമീനിനെ കാണാൻ അല്ലേ.. അതെയതെ സ്വർഗത്തിൽ നിന്ന് വന്നതു പോലെ തോന്നുന്നു! മറ്റു മീനുകൾ തന്നെ പുകഴ്ത്തുന്നതു കണ്ടപ്പോൾ വൈകാതെ മീൻ അഹങ്കാരിയായി മാറി. എന്നോളം ഭംഗി ഈ കുളത്തിൽ മറ്റാർക്കുമില്ല. അങ്ങനെയിരിക്കെ ഒരു ആമ കുളത്തിൽ എങ്ങനെയോ വന്നു പെട്ടു. ആമയെ തൊട്ടു നോക്കിയ മീൻ .. എന്തൊരു കട്ടിയായ പുറമാണ്. ആമയെ പരിചയപ്പെട്ടപ്പോൾ സ്വർണ്ണമീനിനു കളിയാക്കാൻ ഉത്സാഹമായി. ഏയ് പൊണ്ണച്ചാരേ, തനിക്ക് എന്നെപ്പോലെ ഇങ്ങനെ വേഗത്തിൽ നീന്താനും തുള്ളിക്കളിക്കാനും കഴിയുമോ? നിന്റെത്ര കഴിയില്ല പക്ഷേ എനിക്ക് കരയിലും നടക്കാൻ സാധിക്കും. കരയിൽ നിനക്കു പറ്റുമെ ങ്കിൽ എനിക്കും പറ്റും. കാണിച്ചു തരാം ഹമ്പടാ.. ആമയോടൊപ്പം കരയിലേക്കു നീങ്ങിയ മീൻ ഒരൊറ്റ ചാട്ടം ! എനിക്ക് ശ്വാസമെടുക്കാൻ പറ്റുന്നില്ലല്ലോ. ആമ മീനിനെ രക്ഷിച്ചു. ഹാവൂ! രക്ഷപെട്ടു. രക്ഷിച്ചതിനു നന്ദി. നിന്റയത്ര നീന്താനൊന്നും എനിക്കറിയില്ല പക്ഷേ നിനക്കില്ലാത്ത പല കഴിവും ഉണ്ട് താനും. അതു പോലെ എനിക്കില്ലാത്ത പല കഴിവും നിനക്കുമുണ്ടാവും. ആരെയും കളിയാക്കരുത്. ശരിയാണ് ഇനി ഞാൻ ആരെയും കളിയാക്കില്ല.

-

Prathyusha M

VI D

# ചിന്നുവും മിന്നുവും

പണ്ട് പണ്ട് ഒരിക്കൽ ഒരു കാട്ടിൽ രണ്ടു മുയലുകൾ താമസിച്ചിരുന്നു. അവരുടെ പേരാണ് മിന്നുവും ചിന്നുവും. അവർ അടുത്ത സുഹൃത്തുക്കളായിരുന്നു . ഒരു ദിവസം അവർ രണ്ടു പേരും ഭക്ഷണത്തിനായി കുറച്ചു ദൂരം നടന്നു അപ്പോൾ അവർ ഒരു വലിയ ഗുഹയുടെ മുന്നിലെത്തി കുഞ്ഞായ മിന്നു കിടുകിടാ വിറച്ചു കൊണ്ട് പറഞ്ഞു : "എനിക്ക് പേടിയാവുന്നു മിന്നു ..വാ നമുക്ക് ആ മരത്തിന്റെ ചുവട്ടിൽ നിൽക്കാം" അവർ രണ്ടു പേരും അങ്ങനെ ചെയ്തു . അല്പസമയത്തിനകം ഒരു കടുവ അതു വഴി വന്നു. രണ്ടു പേർക്കും പേടിയായി. അവർ എങ്ങോട്ടെന്നില്ലാതെ ഓടെടാ ഓട്ടം . കുറേ നേരം ഓടിയപ്പോൾ രണ്ടു പേരും തളർന്നു .അവർ ഒരു മരത്തിനടിയിൽ കുറച്ചു നേരം വിശ്രമിച്ചു. അവർ അറിയാതെ ഉറങ്ങിപ്പോയി എണീറ്റു നോക്കുമ്പോൾ നേരം ഇരുട്ടിയിരുന്നു അവർ പേടിയോടെ അവിടെ തന്നെ ഇരുന്നു അൽപനേരം കഴിഞ്ഞു ചെറിയൊരു വെളിച്ചം കണ്ടു. ആദ്യം അവർ പേടിച്ചുവെങ്കിലും കുറച്ചു കഴിഞ്ഞപ്പോൾ അവർ അതു വഴി പോയി നോക്കി. കുറച്ചു ദൂരം പോയപ്പോൾ അവിടെ അതാ വലിയൊരു വീട് അവർ അത്ഭുതപ്പെട്ടു . വീട്ടിലെ ബഹളം കേട്ട് അവർ അതിനകത്തേക് ഒരു ദ്വാരം വഴി എത്തി നോക്കി . ഹായ് ! എന്ത് രസമാണ് അവർ അവിടെ തന്നെ കുറെ നേരം നോക്കി നിന്നു ഇത്രയ്ക്കും അത്ഭുതമായ കാഴ്ച അവർ ഇതിനു മുൻപ് കണ്ടിട്ടേയില്ല .കാഴ്ച കണ്ടു ഉറങ്ങിപ്പോയ അവർ രാവിലെ എഴുന്നേറ്റപ്പോൾ വീടിനകത്തായിരുന്നു .സന്തോഷത്തോടെ കുട്ടികളുടെ കൂടെ കളിച്ചു രസിച്ച് പിന്നീടുള്ള കാലം അവർ അവിടെ കഴിഞ്ഞു.

- ഹന സലിം

IV A



# നിലാവ്

രാത്രിയുടെ യാമങ്ങളിൽ .....
വെളിച്ചവുമായി വന്നു നീ ..
നിൻ അഴകാർന്ന വെളിച്ചത്തിൽ
നടന്നു നീങ്ങി എൻ പാദം
ഇരുളിൻ യാമങ്ങളിൽ നിന്ന്
വെളിച്ചത്തേക്ക്
എന്നോടൊപ്പം നീയും നടന്നു നീങ്ങി
എൻ വഴി കൂട്ടുകാരനായി മുത്തമിടാൻ
അകലെയുള്ള നിന്നെ മുത്തമിടാൻ
എൻ മനം മന്ത്രിച്ചു
നീയെൻ കൂട്ടായ് വെളിച്ചമായ്
എൻ കൂടെ വന്നു നീ

'അമ്മ തൻ സ്നേഹം
നേർ വഴിയെ നയിക്കുമെന്നമ്മ

NAFEESATH NAZLA
V C

# ബലിച്ചോർ



ആവി തുപ്പുന്നിടമെല്ലാം
ആത്മാവിനൊരാശ്വാസമാണ്....
ആനന്ദനിദ്രയിലും പുകമറയാണ്...
ആവിയോടടുക്കുന്നെൻ മനവും;
കുരയോടടുക്കുന്നു നിൻ പുകയും;
കനൽ പൂക്കുന്നിടമെല്ലാം
ഇന്നിരുൾ നിറയുന്നു
അമ്മതൻ മാതൃ പാത്രമാണോ
അതോ എൻ തടവറ ജീവിതമോ ഇത്
ഓർമ്മതൻ മാമ്പഴച്ചാറിനാൽ
ഇന്നും മറവിൽ മന്ദാരം മാത്രം
ഞെട്ടറ്റു വീണ എൻ ഇഷ്ട പുഷ്പമേ,
കാമമാം കഴുകന്റെ കവചം
നീ, ഭേദിച്ചതെന്തിന് ?
വിരസമാണിവിടം, വിരളമാണ് നിൻ സംഗീതം....
എങ്കിലും,
നിൻ സ്വാദിനാൽ രുചിയേറുന്നെൻ ബലിച്ചോറും.....

അഖിൽ കെ എസ്




വെര്ശത്തിൽ
ചിമ്മിണിക്കൂടിന്റെ
മുഖത്തടിച്ചുപാഞ്ഞ
കാറ്റിനെ
ശപിച്ചിരുന്നു
നനഞ്ഞ പാഠപുസ്തകങ്ങൾ

മിന്നാമിനുങ്ങുകൾക്കൊപ്പം
മഴയിൽ വിയർത്തൊലിച്ച്
ഉറക്കത്തിന്റെ ചൂട്ടുകറ്റ
കുത്തിക്കെടുത്തി
അച്ഛനെത്തുമ്പോൾ
എല്ലാ ചോദ്യങ്ങളും
വേട്ടയാടുന്ന
ഉത്തരമായി
അമ്മ

മദ്യത്തിനു തീറെഴുതിയ
കുപ്പായം വലിച്ചൂരി
തേഞ്ഞുതീരാറായ രാത്രിയിൽ
അസ്വസ്ഥതകൾ
അയവിറക്കുമ്പോഴേക്കും
നാടുകടത്തപ്പെട്ടവന്റെ
വന്യതയ്ക്ക് കൂട്ടിരുന്നു
ഒരു കുഞ്ഞു മനസ്സ്.

ഒടുവിലൊരുനാൾ
ഇടവഴികളെല്ലാമടഞ്ഞ്
ഉടഞ്ഞുതീരാറായ
മഴത്തുള്ളികൾക്കും
ഇടിമുഴക്കങ്ങൾക്കും
ഇടയിലൂടെ
ഞാൻ
ഒളിച്ചിറങ്ങിപ്പോയി
കവിതയുടെ
അഭയകേന്ദ്രത്തിലേക്ക്.

- രാമചന്ദ്രൻ വേട്ടറാഡി



# നീയാകും സമസ്യ

സൂര്യകിരണങ്ങൾ  അവനിയിലെത്തും മുൻപേ
അവളുടെ സ്വരമെൻ കാതിൽ പതിഞ്ഞു.
നീയെന്നരികിലുണ്ടായിരുന്നെങ്കിലെന്നു ഞാൻ
വെറുതെയെൻ മനതാരിൽ സ്വപ്നങ്ങൾ നെയ്തു
പ്രണയമേ നിന്നിലേക്കോടിയടുക്കുവാൻ ഞാനെൻ
ചിന്തകൾ കോർത്തിണക്കിയതിനായ് ശ്രമിക്കവേ
അപരിചിതമാം വഴിയിൽ ഞാൻ നിന്നെയും കാത്ത്
പരിഭവക്കടൽ തീർത്തതിന്മേൽ  സ്നേഹം നിറച്ചു.
നിൻ കണ്ണിൽ നിറഞ്ഞൊരാനുരാഗ നിമിഷങ്ങൾ
എൻ മനം ആദ്യമേ തിരിച്ചറിഞ്ഞു
ഒന്നിച്ചൊരു ജീവിത യാത്രക്കിന്നർത്ഥം നൽകുന്നു ഞാൻ
ആനന്ദ നിമിഷങ്ങൾ ആവോളം തന്നു നീ
അതിലേറെയും ഞാനിന്നൊന്നാസ്വദിച്ചു
പിരിയുന്നതിനു മുൻപേ നീ തന്ന നിമിഷങ്ങൾ
ഈ ജീവിതം മുഴുവൻ നിറമാർന്നൊരോർമകൾ നൽകും


ഡോ .രഞ്ജീഷ് കെ .ടി



ABDUL KHADER RAHIL
IV.D



AYSHATH FAHMA
V C





AYSHATH LAMEEZA SHERIN



AMNA MARIYAM
IV D


AYSHATH NAIFA
IV D


AYSHATH NAIFA
IV D



SAFA
IV D



KHANZUL MEHRIFA
2 A




ബഷാർ . യു .കെ



ബഷാർ . യു .കെ



ബഷാർ . യു .കെ



ബഷാർ . യു .കെ

അനിർവ്വചനീയമായ  അനുഭൂതികൾ പകരുന്ന

ആത്മാവിഷ്ക്കാരങ്ങൾക്ക് നിറംപകരാനൊരുങ്ങിയപ്പോൾ

പ്രയത്നം കൊണ്ടും സർഗ്ഗാത്മകത കൊണ്ടും മനസു കൊണ്ടും

കൂടെ നിന്ന ഏവർക്കും ഹൃദയം തൊട്ട നന്ദി ......



**TEAM LITTLE KITES - BATCH 2022-25**

**GHSS PATLA**



